## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1862 | 11.02.2013 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗനവാടികളുടെ പ്രവർത്തനം** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. സി. കൃഷ്ണൻ** | **ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അംഗനവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (എ) അംഗൻവാടിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് ഓരോ മാസവും അംഗൻവാടിയിൽ നടക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച പുരോഗതി റിപ്പോർട്ട് നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കി സെക്ടർതല മീറ്റിംഗിനു സൂപ്പർവൈസർക്ക് നൽകുകയും, സൂപ്പർവൈസർ ആയത് ക്രോഡീകരിച്ച് ശിശു വികസന പദ്ധതി ഓഫീസർക്ക് നൽകുകയും ചെയ്യുന്നു. സെക്ടർതലത്തിൽ സൂപ്പർവൈസർ ക്രോഡീകരിച്ച് നൽകുന്ന റിപ്പോർട്ട്, പ്രോജക്ട്തലത്തിൽ ശിശുവികസന പദ്ധതി ഓഫീസർ ക്രോഡീകരിച്ച് അടുത്ത മാസം ഒന്നാമത്തെ പ്രവൃത്തി ദിവസം ജില്ലാതല പ്രോഗ്രാം ഓഫീസർമാർ മുഖേന സാമൂഹ്യ നീതി ഡയറക്ടർക്കു നൽകുന്നു. അംഗൻവാടിതലത്തിലെ പദ്ധതി നടത്തിപ്പിലെ പ്രശ്നങ്ങളും പോരായ്മകളും കണ്ടെത്തുന്നതിനും വിവിധ സേവന ങ്ങളുടെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്ന തിനും ലക്ഷ്യമിട്ടിരിക്കുന്നതും കൈവരി ക്കുന്നതുമായ നേട്ടങ്ങളുടെ അന്തരം കുറയ്ക്കുന്നതിനുമുള്ള വളരെ പ്രയോജനപ്രദമായ ഒരു രേഖയാണ് പ്രതിമാസ പുരോഗതി റിപ്പോർട്ട്.<br>ഇതു കൂടാതെ സെക്ടർതലത്തിലും, ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും പ്രതിമാസ അവലോകനം നടത്തി പദ്ധതി |

| | |
|---|---|
| | നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) 2012–13 സാമ്പത്തിക വർഷത്തിൽ അംഗനവാടികളുടെ പ്രവർത്തനത്തിനായി എത്ര രൂപ അനുവദിച്ചു എന്നും ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ; | (ബി) 2012-13 സാമ്പത്തിക വർഷത്തിൽ ഐസിഡിഎസ് പദ്ധതി നടത്തിപ്പിനായി സംസ്ഥാന ബജറ്റ് പ്രകാരം 200 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 30-9-12 വരെ 12274.93 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കേന്ദ്രസഹായമായി 18919.84 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അനുപൂരക പോഷകാഹാര പദ്ധതിയിൽ 50% കേന്ദ്രധന സഹായമായി 3702.81 ലക്ഷം രൂപ ലഭിക്കുകയും, ഇതിൽ 2306.12 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. |
| (സി) അംഗനവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) അംഗൻവാടികൾക്ക് കെട്ടിടമുൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ട ചുമതല - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഇതിനുപുറമേ സ്വന്തമായി സ്ഥലം കൈവശമുള്ള അംഗനവാടികളിൽ 700 എണ്ണത്തിന് NABARD-RIDF പദ്ധതിയിൽപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികളെടുത്തുവരുന്നു.<br>കൂടാതെ സ്വന്തമായി 10 സെന്റ് സ്ഥലവും എം.എൽ.എയുടെ ഫണ്ടും ലഭ്യമാക്കുന്ന മുറയ്ക്ക് ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ നിലവിലുള്ള അംഗൻവാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്തുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ